# MALAYALAM



**Question 1**

താഴെ തന്നിരിക്കുന്നവയിൽ നിന്നും ഏതെങ്കിലും രണ്ടെണ്ണം തിരഞ്ഞെടുത്തു ഓരോ ഖണ്ഡിക തയ്യാറാക്കുക. **[4]**

(a) പൂമ്പാറ്റ (b) പുസ്തകങ്ങൾ (c )എസ്കിമോകൾ (d) ആട്

**Question 2**

തന്നിരിക്കുന്ന ചിത്രത്തെ ആസ്പദമാക്കി എഴുതുക. **[2]**



**Question 3**

**(i)** ആധുനിക, പ്രാചീന കവിത്രയത്തിൽ ഉൾപ്പെടുന്നവർ ആരെല്ലാം **[3]**

**(ii)** ൾ, ൽ എന്നീ ചില്ലക്ഷരങ്ങൾ കൊണ്ട് രണ്ടു വാക്കുകൾ വീതം എഴുതുക. **[2]**

**Question 4**

**(i)** തെറ്റുണ്ടെങ്കിൽ തിരുത്തുക. **[2]**

(a)നേരിപ്പോട് (b)പാവകുട്ടി (c)ദീരൻ (d)വേധനിക്കുക

**(ii)** നിങ്ങൾക്ക് പരിചയമുള്ള രണ്ട് കവിതകളുടെ പേര് എഴുതുക **[1]**

**Question 5**

**(i)** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക്ഉത്തരമെഴുതുക **[2]**

മുല്ലാ നസറുദ്ദീൻ ആളൊരു ബുദ്ധിമാനായിരുന്നു. ഒരു ദിവസം മുല്ല കണ്ണുകളടച്ച് ഉറക്കെ പ്രാർഥിക്കുകയായിരുന്നു. ദൈവമേ അങ്ങയുടെ ദാസനായ എന്നെ സഹായിക്കണമേ. ഞാൻ വലിയ ഒരു ബുദ്ധിമുട്ടിലാണ്. ആയിരം സ്വർണനാണയങ്ങൾ നൽകി അനുഗ്രഹിക്കാൻ കനിവുണ്ടാകണം.

മുല്ലായുടെ ഉറക്കെയുള്ള പ്രാർഥന അയൽക്കാരൻ കേൾക്കുന്നുണ്ടായിരുന്നു. പണക്കാരനായ അയാൾ ആയിരം സ്വർണനാണയം പട്ടുതുണിയിൽ കെട്ടി ആ പണക്കിഴി ആരും കാണാതെ മുല്ലായുടെ വീടിന്റെ വരാന്തയിൽ കൊണ്ടുപോയി ഇട്ടു.

**(a)** മുല്ലായുടെ പ്രാർത്ഥന കേട്ടതാര്?

**(b)** വരാന്തയിൽ കിടന്നതെന്ത്?

**(c)** സ്വർണ്ണനാണയം എന്തിൽ കെട്ടിയാണ് വരാന്തയിൽ കൊണ്ടുപോയിട്ടത്?

**(d)** മുല്ലാ നസറുദ്ദീൻ എങ്ങനെയുള്ള ആളായിരുന്നു?

**(ii)** പദ്യം പൂരിപ്പിക്കുക.(8 വരി ) **[4]**

ആലോലംതാലോല..................

...............................രുമ്മനൽകും.

## Question 6

**(i)** പര്യായം എഴുതുക **[4]**

(a) രാവ് (b) പകൽ (c) ഭയം (d) വഴി

**(ii)** വിഗ്രഹിക്കുക **[2]**

(a) മഞ്ഞുപാളി (b) ആട്ടിൻകുട്ടി

(c) കരപ്രദേശം (d) മണിക്കിലുക്കം

## Question 7

**(i)** എതിർലിംഗം എഴുതുക **[2]**

(a)പിതാവ് (b) അവൻ (c) ബാലൻ (d) ബുദ്ധിമാൻ

**(ii)** വിപരീതപദം എഴുതുക **[2]**

(a) രാത്രി (b) സാധ്യം (c) ആരോഗ്യം (d) സങ്കടം

## Question 8

**(i)** നാനാർഥം എഴുതുക. **[2]**

(a) കര (b) താമസിക്കുക

**(ii)** പിരിച്ചെഴുതുക **[2]**

(a) വഴിയറിയാതെ (b) പാവക്കുട്ടി (c) മണിക്കിലുക്കം (d) സുഖമായി

## Question 9

ഒറ്റവാക്കിൽ ഉത്തരം എഴുതുക **[2]**

**(a)** ഗെപ്പെറ്റോയുടെ മൂക്കിന് ഇടി കൊടുത്തത് ആരാണ്?

**(b)** വയലിൽ അവർ വിതച്ചത് എന്താണ്?

**(c)** നുണ പറഞ്ഞപ്പോൾ ആരുടെ മൂക്കിനാണ് നീളം കൂടിയത്?

**(d)** എസ്കിമോകൾ എന്ന വാക്കിന്റെ അർഥം എന്താണ് ?

## Question 10

ഉത്തരം എഴുതുക. **[4]**

**(a)** കർഷകന്റെ മക്കളുടെ സ്വഭാവം എങ്ങനെയുള്ളതായിരുന്നു?

**(b)** മുറ്റത്ത് പായുന്ന ആട്ടിൻകുട്ടി എന്തൊക്കെയാണ് ചെയ്യുന്നത്?

**(c)** ഭൂമിയുടെ വിവിധ ഭാഗങ്ങൾ എങ്ങനെയൊക്കെയുള്ളവയാണ് ?

**(d)** ഗെപ്പെറ്റോ നിർമ്മിച്ച പാവയുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?

******